## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1670 — 10.02.2020 ൽ മറുപടിക്ക്

## വെഞ്ഞാറമൂട് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിന് ഭൂമി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ഡി.കെ. മുരളി** | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട് പി.ഡബ്ല്യൂ.ഡി റസ്റ്റ്ഹൗസിനുവേണ്ടി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ അധീനതയിലുള്ള 18.0186 സെന്റ് സർക്കാർ ഭൂമി കൈമാറുന്നതിന് ആർ.സി.1/24/ 2019/ ത.സ്വ.ഭ.വ നം. ഫയൽ പ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | വെഞ്ഞാറമൂട് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസിനു വേണ്ടി കൈമാറ്റം ചെയ്യേണ്ട സർക്കാർ ഭൂമി 50 സെന്റിൽ താഴെ (18.0186 സെന്റ്) ആയതിനാൽ 05.06.2018-ലെ G.O(P) 31/ 2018/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഭൂമി കൈമാറുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് സമ്മതപത്രം നൽകിയിട്ടുണ്ടോ; | വെഞ്ഞാറമൂട് പി. ഡബ്ലിയു. ഡി. റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള ഭൂമി വില്ലേജ് റെക്കോർഡ് പ്രകാരം വാമനപുരം ബ്ലോക്ക് എന്ന് കാണുന്നതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി പത്രം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ്വയാർജ്ജിത ഭൂമി അല്ലാത്ത സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള ഭൂമികൾ സർക്കാർ വിജ്ഞാപനം മുഖേന റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തപ്പെടുത്തിയാലേ ഭൂമി കൈമാറ്റം സാധ്യമാകൂ എന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |
| (സി) | സമ്മതപത്രം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖ നൽകാമോ; | |
| (ഡി) | നൽകിയിട്ടില്ലായെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**